**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3045** **18-03-2022 - ൽ മറുപടിയ്ക്ക്**

**തൃക്കരിപ്പൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലായി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പദ്ധതിപ്രദേശത്ത് സുലഭമായി ലഭ്യമാകുന്ന ശുദ്ധജലം ഉപയോഗിച്ച് തൃക്കരിപ്പൂർ മണ്ഡലത്തിലും സമീപ പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനായുള്ള പദ്ധതി എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ തൃക്കരിപ്പൂർ പഞ്ചായത്തിലും സമീപ പഞ്ചായത്തുകളായ ചെറുവത്തൂർ, പീലിക്കോട്, വലിയപറമ്പ, പടന്ന പഞ്ചായത്തുകളിലുള്ള മുഴവൻ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ നല്കുന്നതിനായുള്ള 221.99 കോടി രൂപയുടെ ബൃഹത്തായ കുടിവെള്ള പദ്ധതിക്ക് 2021 സെപ്റ്റംബറിൽ ഭരണാനുമതി ജല ജീവൻ മിഷൻ പദ്ധതിയിൽ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ശുദ്ധീകരണശാല ഉൾപ്പെടെയുള്ള ഘടകങ്ങൾ നിർമ്മിക്കുന്നതിന് 10 സ്ഥലങ്ങളിലായി 335 സെൻറ് സർക്കാർ/ ഡിപ്പാർട്മെന്റ് സ്ഥലങ്ങളും ഒരു സ്വകാര്യ വ്യക്തിയുടെ 30 സെൻറ് സ്ഥലവും ആവശ്യമായിട്ടുണ്ട്. ഇത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. മേൽ പറഞ്ഞ ഭൂമി ലഭ്യമാകുന്നതോടെ പദ്ധതിയുടെ ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്. ജല ജീവൻ മിഷൻ പദ്ധതികൾ 2024-നുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് |

സെക്ഷൻ ഓഫീസർ